**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3179** **14-02-2024 - ൽ മറുപടിയ്ക്ക്**

**ഫിഷിംഗ് ഹാർബറുകളുടെ നിലവാരം ഉയർത്തുവാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. എൻ. കെ. അക്ബർ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ. എച്ച്. സലാം | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകളുടെ നിലവാരം ഉയർത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് . കിഫ്ബി, നബാർഡ് RIDF, FIDF PMMSY, ഓഖി ഡവലപ്മെന്റ് പാക്കേജ് , RKVY എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ ജില്ലകളിലായി മത്സ്യബന്ധന തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം , നവീകരണം , ആധുനികവത്കരണം എന്നിങ്ങനെ വിവിധ പ്രവൃത്തികൾ നടപ്പാക്കി വരുന്നു. |
| (ബി) | നിർമ്മാണം പൂർത്തീകരിച്ച ഏതെല്ലാം ഫിഷിംഗ് ഹാർബറുകളിലാണ് ഇനിയും അടിസ്ഥാന സൗകര്യ ന്യൂനതകൾ ഉള്ളതായി കണ്ടെത്തിയിട്ടുള്ളത്; | (ബി) | സംസ്ഥാനത്തെ ഒട്ടുമിക്ക ഹാർബറുകളിലും കൈകാര്യം ചെയ്യാവുന്നതിലധികം ബോട്ടുകളും, വള്ളങ്ങളും പ്രവർത്തിച്ച് വരുന്നതിനാൽ നിലവിലെ ഹാർബറുകളിൽ അടിസ്ഥാന സൗകര്യ വികസനം ആവശ്യമാണ്. കൂടാതെ ബോട്ടുകളുടെ വലുപ്പത്തിലുണ്ടാകുന്ന വർദ്ധനമൂലം പല ഘടകങ്ങളും വികസിപ്പിക്കേണ്ടതിന്റെ ആവശ്യകതയുമുണ്ട്.<br><br>വിഴിഞ്ഞം , മുതലപ്പൊഴി എന്നീ മത്സ്യബന്ധന തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വികസനിപ്പിക്കേണ്ടതായിട്ടുണ്ട്.<br><br>കൊല്ലം ജില്ലയിലെ പൂർത്തീകരിച്ച തങ്കശ്ശേരി, നീണ്ടകര മത്സ്യബന്ധന തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്.<br><br>ആലപ്പുഴ ജില്ലയിലെ തോട്ടപ്പള്ളി ഫിഷിംഗ് ഹാർബറിലെ നിലവിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഹാർബർ വിപുലീകരിക്കുന്നതിന് 200 കോടി രൂപയുടെ പ്രോജക്റ്റ് പ്രൊപ്പോസൽ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | എറണാകുളം ജില്ലയിലെ ചെല്ലാനം തൃശ്ശൂർ ജില്ലയിലെ ചേറ്റുവ എന്നീ ഫിഷിംഗ് ഹാർബറുകളിൽ കൂടുതൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏർപ്പാടാക്കേണ്ടതായിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ചേറ്റുവ ഫിഷിംഗ് ഹാർബറിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കായി 15.00 കോടി രൂപയുടെ പദ്ധതി രൂപരേഖ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.<br><br>കാസർഗോഡ് ജില്ലയിൽ ചെറുവത്തൂർ, കാസർഗോഡ്, മഞ്ചേശ്വരം എന്നീ ഫിഷിംഗ് ഹാർബറുകളിലും കൂടുതൽ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഏർപ്പാടാക്കേണ്ടതായിട്ടുണ്ട്. |
| (സി) | കൊല്ലം, പൊന്നാനി, ബേപ്പൂർ ഫിഷിംഗ് ഹാർബറുകൾ അടിസ്ഥാന സൗകര്യ പരിമിതി നേരിടുന്നവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് പരിഹാരമായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന് പരിഹാരമായി കൊല്ലം ജില്ലയിലെ തങ്കശ്ശേരി, നീണ്ടകര, ശക്തികുളങ്ങര എന്നീ ഫിഷിംഗ് ഹാർബറുകളിൽ നബാർഡ് XXIII, നബാർഡ് XXVI , ഓഖി പദ്ധതികളിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.<br><br>പൊന്നാനി ഫിഷിംഗ് ഹാർബറിന്റെ ആധുനികവൽക്കരണത്തിനും ഡ്രെഡ്ജിംഗ് പ്രവൃത്തികൾക്കുമായി പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയതു പ്രകാരം പ്രവൃത്തി പുരോഗമിക്കുന്നു. നബാർഡ് XXIX പദ്ധതിയിലുൾപ്പെടുത്തി പൊന്നാനി ഫിഷിംഗ് ഹാർബറിലെ പുലിമുട്ടുകളുടെ റിപ്ലെനിഷ്മെന്റ് പ്രവൃത്തികൾക്കായി 29/12/23 ൽ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>ബേപ്പൂർ ഫിഷിംഗ് ഹാർബറിന്റെ വിപുലീകരണത്തിനായി 85.00 കോടി രൂപയുടെ പ്രോജക്റ്റ് റിപ്പോർട്ട് പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതിക്കായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട് . |
| (ഡി) | സംസ്ഥാനത്തെ ഒരു ഫിഷിംഗ് ഹാർബർ എങ്കിലും അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പരിശോധിച്ച് വരുന്നു . |

സെക്ഷൻ ഓഫീസർ